ന്യായവിലയ്ക്ക് വളം ലഭിക്കാൻ നടപടി

188. [181] ശ്രീമതി പെണ്ണമ്മ ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ കർഷകർക്ക് ന്യായമായ വിലയ്ക്ക് വളം ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാന സർക്കാരിന്റെ നിവേദനത്തിന്റെ ഫലമായി കേന്ദ്ര സർക്കാർ രാസവളങ്ങളുടെ വില 18-7-1975-ലും 1-12-1975-ലും,16-3-1976-ലും, 20-4-1976-ലും കുറവുചെയ്തിട്ടുണ്ട്.

വ്യവസായശാലകളുടെ പൂട്ടിയിടലിനെതിരെ നടപടി

189. [184] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായശാലകളും, ഉടമകളും അന്യായമായി പൂട്ടിയിടുന്നതിനെതിരായി എന്തു നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുക;

(ബി) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ടയിൽസ്, മെട്രോ ടയിൽസ് എന്നീ ടയിൽഫാക്ടറികളും അന്യായമായി പൂട്ടിയിട്ട് തൊഴിലാളികളെ പട്ടണിയിലാക്കിയതിനും തൊഴിലുടമക്കെതിരെ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്?

ഉത്തരം

(എ) പൂട്ടിയിടൽ അന്യായമാണെന്ന് ബോദ്ധ്യപ്പെട്ടാൽ തുറപ്പിക്കുന്നതിനാവശ്യമായ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(ബി) കരുനാഗപ്പള്ളി ടയിൽസിലെ തൊഴിലാളികൾക്ക് മാനേജുമെന്റ് ശമ്പള കുടിശ്ശിക നൽകാത്തതുകൊണ്ടും പ്രോവിഡന്റു ഫണ്ട് വിഹിതം അടയ്ക്കാത്തതുകൊണ്ടും തൊഴിലാളികൾ ജോലി ചെയ്യുന്നില്ല. മെട്രോ ടയിൽസിൽ ചെളി ഇറക്കുന്നതിലുള്ളവർക്ക് ലോഡിനെ സംബന്ധിച്ച് തൊഴിലാളികളും മാനേജ്മെന്റും തമ്മിൽ ഒരു തർക്കം നിലവിലുണ്ട്. അത് ഒത്തുതീർപ്പാകാത്തതുകൊണ്ട് തൊഴിലാളികൾ ജോലിചെയ്യുന്നില്ല. ഈ രണ്ട് ഫാക്ടറികളിലെയും പ്രശ്നങ്ങൾ കൺസിലിയേഷനിൽ ഇരിക്കുകയാണ്.

'കലാനിലയം സ്ഥിരം നാടകവേദി' അടച്ചുപൂട്ടുന്നതിനെതിരെ നടപടി

190. [185] ശ്രീ. പി. വി. ശങ്കരനാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന 'കലാനിലയം സ്ഥിരം നാടകവേദി' എന്ന സ്ഥാപനം 1976 ഡിസംബർ 31-ാം തീയതി അടച്ചുപൂട്ടുകയാണെന്നുകാണിച്ചുകൊണ്ട് ഇതിലെ ജീവനക്കാർക്ക് നൽകിയിട്ടുള്ള നോട്ടീസ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly